**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - 2019 ആഗസ്ത് , സെപ്റ്റംബർ മാസങ്ങളിലെ വിവിധ ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണത്തിനുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്**

**G.O(Rt) No. 10051/2019/FIN** തീയതി ,തിരുവനന്തപുരം, 21.12.2019

പരാമർശം :- 1) സ ഉ (പി) 384/2014/ധന തീയതി 05/09/2014.
2) സ ഉ (എം എസ്) 437/2016/ധന തീയതി 08/11/2016.
3) സ ഉ (എം എസ്) 34/2017/ധന തീയതി 21/01/2017.
4) സ ഉ (എം എസ്) 67/2017/ധന തീയതി 06/02/2017.
5) സ ഉ (എം എസ്) 359/2017/ധന തീയതി 04/08/2017.
6) സ ഉ (എം എസ്)483/2017/ധന തീയതി 06/11/2017.
7) സ.ഉ (സാധ) 2714/2018/ധന തീയതി 27/03/2018.
8) സ.ഉ (സാധ) 6632/2018/ധന തീയതി 03/08/2018.
9) സ.ഉ.(സാധ) നം.9666/2018/ധന തീയതി: 24/11/2018.
10)സ.ഉ.(സാധ) നം.1182/2019/ധന തീയതി: 16/02/2019.
11)സ.ഉ.(സാധ) നം.6780/2019/ധന തീയതി: 24/08/2019.

<u>**ഉത്തരവ്**</u>

സൂചന 6 ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം, 2019 ഡിസംബർ മാസത്തിൽ നടത്തിയ പെൻഷൻ മസ്റ്ററിംഗിനെ തുടർന്ന്, സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലെ ഗുണഭോക്താക്കളിൽ ക്ഷേമ നിധി പെൻഷൻ ലഭിക്കാൻ അർഹതയുള്ളവർ എന്ന് കണ്ടെത്തിയവർക്ക് 2019 ആഗസ്ത് , സെപ്റ്റംബർ മാസങ്ങളിലെ പെൻഷൻ നൽകുന്നതിനായി 126,10,88,289/-രൂപ (നൂറ്റിഇരുപത്തിയാറു കോടി പത്ത് ലക്ഷത്തി എൺപത്തെട്ടായിരത്തി ഇരുനൂറ്റി എൺപത്തിയൊൻപത് രൂപ മാത്രം) ആവശ്യമാണെന്ന് സേവന സോഫ്ട്‌വെയറിലെ സ്ഥിതിവിവര കണക്കു പ്രകാരം കണക്കാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകളിലെ 2019 ആഗസ്ത് , സെപ്റ്റംബർ മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയായ 126,10,88,289/-രൂപ (നൂറ്റിഇരുപത്തിയാറു കോടി പത്ത് ലക്ഷത്തി എൺപത്തെട്ടായിരത്തി ഇരുനൂറ്റി എൺപത്തിയൊൻപത് രൂപ മാത്രം)

അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള ക്ഷേമനിധി ബോർഡുകളുടെ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ട് /ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവാദം നൽകുന്നു . ഈ പെൻഷൻ തുകയ്ക്കായി ക്ഷേമനിധി ബോർഡുകൾ ബന്ധപ്പെട്ട ഭരണ വകുപ്പിന് പ്രത്യേകമായി നിർദ്ദേശം സമർപ്പിക്കേണ്ടതില്ല.

3. 2019 ആഗസ്ത് , സെപ്റ്റംബർ മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യുന്നതിന് മാത്രമേ ഈ തുക ഉപയോഗിക്കാൻ പാടുള്ളൂ. കുടിശ്ശിക/മറ്റ് ആനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് പെൻഷൻ തുക ഉപയോഗിക്കാൻ പാടില്ല.

4. ക്ഷേമനിധി ബോർഡ് പെൻഷൻ 2019 ആഗസ്ത് , സെപ്റ്റംബർ മാസങ്ങളിലെ ക്രിസ്മസിന് മുൻപ് പരമാവധി വിതരണം നടത്തേണ്ടതും പെൻഷൻ വിതരണം ഡിസംബർ 31 നു മുൻപ് പൂർത്തിയാക്കേണ്ടതുമാണ് . ഈ സമയക്രമത്തിൽ വീഴ്ച വരുത്തുന്നത് സർക്കാർ ഗൗരവതരമായി വീക്ഷിക്കുന്നതാണ് . പ്രസ്തുത സമയത്തിനുള്ളിൽ വിതരണം ചെയ്യാത്ത തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ തന്നെ 2020 ജനുവരി 25 നുള്ളിൽ തിരിച്ചടക്കുന്നു എന്ന് എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവുമാരും ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും.
തൊഴിൽ, കൃഷി, നികുതി, വ്യവസായ വകുപ്പുകൾക്ക്.
ധനകാര്യ(സീക്രട്ട് /ബജറ്റ്/ലേബർ/കൃഷി/എക്സ്പെൻഡിച്ചർ/ഇൻഡസ്ട്രീസ്&പിഡബ്ല്യുഡി)വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ / ഓഫീസ് പകർപ്പ്(1370541)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| 1 | 2 | 3 | 4 | | | 5 | 6 |
|---|---|---|---|---|---|---|---|
| | | | നൽകേണ്ട പെൻഷൻ തുക | | | | |
| | | | ഇ മസ്റ്റർ ചെയ്ത പെൻഷൻകാർ | | | | |
| | ക്ഷേമനിധി ബോർഡ് | ആകെ ഇ മസ്റ്റർ ചെയ്ത പെൻഷൻ കാരുടെ എണ്ണം | 08/2019 | 09/2019 | ബോർഡിൽ നീക്കിയിരിപ്പുള്ള തുക | ആകെ | തുക അനുവദിച്ചു നൽകേണ്ടതായ എസ് ടി എസ് ബി അക്കൗണ്ട് /ബാങ്ക് , ബ്രാഞ്ച് , ഐ എഫ് എസ് സി,അക്കൗണ്ട് നമ്പർ |
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 929 | 1114800 | 1114800 | 7300 | 2222300 | 799011400005224, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 2 | കർഷക പെൻഷൻ | 234821 | 281785200 | 281785200 | | 563570400 | എസ് ബി ഐ വികാസ് ഭവൻ ശാഖ SBIN0070415, 38495089347 |
| 3 | മത്സ്യ തൊഴിലാളി | 56194 | 67432800 | 67432800 | | 134865600 | കാനറാ ബാങ്ക് , വെസ്റ്റ് പാലസ് റോഡ്, CNRB0000721, 0721101064270 |
| 4 | ക്ഷീര കർഷക പെൻഷൻ | 58158 | 52342200 | 52342200 | | 104684400 | SBI, തിരുവനന്തപുരം സിറ്റി ശാഖ,SBIN0070028,67004044174 |
| 5 | ലോട്ടറി തൊഴിലാളി | 1530 | 1836000 | 1836000 | | 3672000 | ഫെഡറൽ ബാങ്ക് , സ്റ്റാച്യു ശാഖ, FDRL0001030, 10300100427691 |
| 6 | കയർ തൊഴിലാളി | 63151 | 75781200 | 75781200 | 8417851 | 143144549 | IDBI , ആലപ്പുഴ ശാഖ, IBKL0000305, 0305104000115933 |
| 7 | ഖാദി തൊഴിലാളി | 438 | 525600 | 525600 | | 1051200 | 701011400000114, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 8 | ട്രേഡേഴ്സ് വെൽഫെയർ | 3872 | 4646400 | 4646400 | | 9292800 | 701010200002558, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 9 | ആഭരണ തൊഴിലാളി | 362 | 434400 | 434400 | | 868800 | 799011400005233, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 10 | ചെറുകിട തോട്ടം തൊഴിലാളി | 296 | 355200 | 355200 | | 710400 | കാനറാ ബാങ്ക്, കോട്ടയം, CNRB0001523, 1523132000007 |
| 11 | ഈറ്റ കാട്ടു വള്ളി തഴ തൊഴിലാളി | 6881 | 8257200 | 8257200 | 6840 | 16507560 | 711090100000664, സബ് ട്രഷറി, അങ്കമാലി |
| 12 | ബീഡി & സിഗാർ തൊഴിലാളി | 2336 | 2803200 | 2803200 | 1187200 | 4419200 | കെ ജി ബി –തളാപ്, KGB0040422, 40422100008881 |
| 13 | തയ്യൽ തൊഴിലാളി | 48210 | 57852000 | 57852000 | | 115704000 | ഐ സി ഐ സി ഐ –പട്ടം, ICIC0001177, 117701000668 |
| 14 | കൈത്തറി തൊഴിലാളി | 8174 | 9808800 | 9808800 | 1285252 | 18332348 | ജില്ലാ സഹ. ബാങ്ക് കണ്ണൂർ, UTB0SKDC01, 1001007000326 |
| 15 | കശുവണ്ടി തൊഴിലാളി | 56733 | 68079600 | 68079600 | 2336468 | 133822732 | എസ് ബി ഐ ,ബീച്ച് റോഡ് , കൊല്ലം, SBIN0070279, 57005949949 |
| 16 | ചുമട്ടു തൊഴിലാളി( സ്കാറ്റേർഡ്) | 3425 | 4110000 | 4110000 | | 8220000 | കെ ജി ബി -കലൂർ, KLGB0040537, 40537101007480 |
| | ആകെ | 545510 | 637164600 | 637164600 | 13240911 | 1261088289 | |